പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 165 12-02-2013-ൽ മറുപടിയ്ക്ക്

<u>സാമുദായിക സ്പർദ്ധ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീമതി പി. അയിഷാ പോറ്റി | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സാമുദായിക സ്പർദ്ധ വർദ്ധിച്ചുവരുന്നു എന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സമുദായങ്ങൾ തമ്മിൽ അവിശ്വാസം വർദ്ധിക്കാനിടയാക്കിയ നടപടികൾ എന്തായിരുന്നുവെന്ന് വിലയിരുത്തുകയുണ്ടായോ; വിശദമാക്കുമോ; | (ബി) മാനുഷികമൂല്യങ്ങൾ മറന്ന് എല്ലാ കാര്യങ്ങളും മതത്തിന്റെ അല്ലെങ്കിൽ ജാതിയുടെ മാത്രം കണ്ണിൽക്കൂടി നോക്കിക്കാണുന്ന സമ്പ്രദായം, മതന്യൂനപക്ഷങ്ങളും ഭൂരിപക്ഷങ്ങളും തമ്മിൽ ചില പ്രദേശങ്ങളിൽ നിലനിൽക്കുന്ന സാമ്പത്തിക അസമത്വങ്ങൾ, വർഗ്ഗീയധ്രുവീകരണം ലക്ഷ്യംവച്ച് മതമൗലികവാദ സംഘടനകൾ മതാനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും കാണിക്കുന്ന അമിതാവേശം, മുഖ്യധാരാവിഷയങ്ങളിൽ ചില മതനേതാക്കന്മാർ ഇടപെട്ട് വർഗ്ഗീയകാഴ്ചപ്പാടോടെ നടത്തുന്ന പ്രസ്താവനകൾ, മതമൗലികവാദ സമുദായസംഘടനകളുടെ പ്രസിദ്ധീകരണങ്ങളും സോഷ്യൽ നെറ്റ്‌വർക്കിംഗുകളും നടത്തുന്ന വർഗ്ഗീയ പ്രചരണപ്രവർത്തനങ്ങൾ എന്നിവ സമുദായങ്ങൾ തമ്മിലുള്ള അവിശ്വാസം വർദ്ധിക്കുന്നതിനിടയാക്കിയിട്ടുള്ളതായി കരുതുന്നു. |
| (സി) വർഗ്ഗീയപ്രീണനനയം അവസാനിപ്പിക്കുന്നതിനും, സാമുദായിക സൗഹാർദ്ദം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (സി) വർഗീയ പ്രീണനനയം അവസാനിപ്പിക്കുന്നതിനും, സാമുദായിക സൗഹാർദ്ദം ഉറപ്പാക്കുന്നതിനും വേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>1) വർഗീയ സംഭവങ്ങൾ രൂക്ഷമായ പ്രദേശങ്ങളിലെല്ലാം സുരക്ഷാ ക്യാമറകൾ സ്ഥാപിച്ച് പ്രത്യേകം നിരീക്ഷിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |

2) വർഗീയ സംഘർഷസാദ്ധ്യതാ പ്രദേശങ്ങളിൽ സമർത്ഥരും പ്രാവീണ്യം തെളിയിച്ചവരുമായ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

3) എല്ലാ രാഷ്ട്രീയകക്ഷികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മേളനങ്ങൾ നടത്തി മാതൃകാ പെരുമാറ്റച്ചട്ടം രൂപീകരിക്കുന്നതിനും അഭിപ്രായസമന്വയം ഉണ്ടാക്കുവാനും നടപടി സ്വീകരിച്ചുവരുന്നു.

4) മതസൗഹാർദ്ദ അവലോകന മീറ്റിംഗുകൾ സർവമത നേതാക്കളേയും ഉൾപ്പെടുത്തിക്കൊണ്ട് സമയാസമയം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

5) മതസൗഹാർദ്ദത്തിനു ഹാനികരമാകുന്ന പെയിന്റിംഗുകൾ, തോരണങ്ങൾ, ചുവരെഴുത്തുകൾ എന്നിവ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6) സാമുദായിക അടിസ്ഥാനത്തിലുള്ള ബസ് വെയിറ്റിംഗ് ഷെഡുകൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു.

7) ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുനരുദ്ധാരണം നടത്തുന്നതിനും ജില്ലാ അധികാരികളുടെ മുൻകൂർ അനുമതി നിർബന്ധമാക്കിയിട്ടുണ്ട്.

8) മതസൗഹാർദ്ദം നിലനിർത്താൻ വേണ്ടി വിദ്യാർത്ഥികൾ, യുവജനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാസർഗോഡ് ജില്ലാ പോലീസ് പൊൻപുലരി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

9) സാമുദായിക പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കാസർഗോഡ് ജില്ലയിൽ സാമുദായിക സൗഹാർദ്ദം സംരക്ഷിക്കുന്നതിനും പൊതുസമാധാനം ഉറപ്പുവരുത്തുന്നതിനുമായി പോലീസിന്റെ അവസരോചിതവും ഫലപ്രദവും സമയബന്ധിതവുമായ ഇടപെടൽ സാധ്യമാക്കുന്നതരത്തിൽ മൊബൈൽ പോലീസ് സംവിധാനം ഏർപ്പെടുത്തുന്നതുൾപ്പെടെ സേനയെ ശക്തിപ്പെടുത്താൻവേണ്ടി ആയി സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിച്ചു നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ